**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2568** **14-09-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനവും കേന്ദ്രവും തമ്മിലുള്ള റവന്യൂ വിഹിതം പങ്കുവയ്ക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര ഗവൺമെന്റും വിവിധ സംസ്ഥാനങ്ങളും തമ്മിൽ റവന്യൂ വിഹിതം പങ്കുവയ്ക്കുന്ന വിഷയത്തിൽ സംസ്ഥാനത്തിന് പ്രതികൂലമാകുന്ന വിധത്തിൽ അസമത്വങ്ങൾ നിലനിൽക്കുന്നുണ്ടോ; | (എ) | ജനസംഖ്യാ നിയന്ത്രണ നടപടികൾ കാര്യക്ഷമമായി നടപ്പാക്കിയതും വികസന നേട്ടങ്ങൾ ആർജ്ജിച്ചതും കേന്ദ്ര ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിനു ലഭിക്കേണ്ട നികുതി വിഹിതം കുറയുന്നതിന് കാരണമാകുന്ന സ്ഥിതിയാണുള്ളത്. നിലവിൽ ഡിവിസിബിൾ പൂളിൽ നിന്നും 1.925 ശതമാനം നികുതി വിഹിതമാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. 1995-2000 വരെയുള്ള കാലയളവിൽ ഇത് 3.875 ശതമാനമായിരുന്നു. ഇത്തരത്തിൽ നികുതി വിഹിതത്തിൽ വരുത്തിയ കുറവിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ വെട്ടിക്കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും കേന്ദ്രം വരുത്തുന്നത്. |
| (ബി) | സംസ്ഥാനത്തു നിന്നും സെൻട്രൽ റവന്യൂവിലേക്ക് നൽകുന്ന നികുതിയുടെ എത്ര ശതമാനമാണ് സംസ്ഥാനത്തിന് തിരികെ ലഭിക്കുന്നത്; വിശദമാക്കുമോ; | (ബി) | ജനസംഖ്യാ നിയന്ത്രണ നടപടികൾ കാര്യക്ഷമമായി നടപ്പാക്കിയതും വികസന നേട്ടങ്ങൾ ആർജ്ജിച്ചതും കേന്ദ്ര ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിനു ലഭിക്കേണ്ട നികുതി വിഹിതം കുറയുന്നതിന് കാരണമാകുന്ന സ്ഥിതിയാണുള്ളത്. നിലവിൽ ഡിവിസിബിൾ പൂളിൽ നിന്നും 1.925 ശതമാനം നികുതി വിഹിതമാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. 1995-2000 വരെയുള്ള കാലയളവിൽ ഇത് 3.875 ശതമാനമായിരുന്നു. ഇത്തരത്തിൽ നികുതി വിഹിതത്തിൽ വരുത്തിയ കുറവിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ വെട്ടിക്കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും കേന്ദ്രം വരുത്തുന്നത്. |
| (സി) | പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ എത്രത്തോളമാണ് സംസ്ഥാനത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്നത് എന്നറിയിക്കുമോ? | (സി) | ജനസംഖ്യാ നിയന്ത്രണ നടപടികൾ കാര്യക്ഷമമായി നടപ്പാക്കിയതും വികസന നേട്ടങ്ങൾ ആർജ്ജിച്ചതും കേന്ദ്ര ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിനു ലഭിക്കേണ്ട നികുതി വിഹിതം കുറയുന്നതിന് കാരണമാകുന്ന സ്ഥിതിയാണുള്ളത്. നിലവിൽ ഡിവിസിബിൾ പൂളിൽ നിന്നും 1.925 ശതമാനം |

| | | | |
|---|---|---|---|
| | | | നികുതി വിഹിതമാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. 1995-2000 വരെയുള്ള കാലയളവിൽ ഇത് 3.875 ശതമാനമായിരുന്നു. ഇത്തരത്തിൽ നികുതി വിഹിതത്തിൽ വരുത്തിയ കുറവിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ വെട്ടിക്കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും കേന്ദ്രം വരുത്തുന്നത്. |

സെക്ഷൻ ഓഫീസർ